6. പുഴുവളർത്തുന്നതിനുവേണ്ട പുരനിർമ്മിക്കുവാൻ ഏക്കറൊന്നിന് 10,000 രൂപാ വരെ സബ്സിഡി.

7 കൊക്കൂണിന് താങ്ങുവില.

8. കൊക്കൂൺ ഉൽപാദനക്ഷമത കൈവരിക്കാൻ കർഷകർക്ക് 18 രൂപ (ബൈ വോൾട്ടയിൽ ഇനം) പ്രോത്സാഹന സഹായം.

9. ബൈവോൾട്ടയിൽ ഇനം പുഴുക്കൾക്ക് സംപൂർണ്ണ ഇൻഷ്വറൻസ് പദ്ധതി (മുഴുവൻ പ്രീമിയവും സെറിഫെഡ് വഹിക്കുന്നതാണ്.)

10. റിലീംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കുവേണ്ടി നിർമ്മാണചെലവിന്റെ 25% പരമാവധി ഒരു ലക്ഷം രൂപവരെ സബ്സിഡി.

11. സെറിഫെഡുമായി അഫിലിയേറ്റ് ചെയ്തു നടത്തുന്ന പ്രൈമറി സെറികൾച്ചർ സൊസൈറ്റികൾക്കുള്ള മാനേജീരിയൽ ഗ്രാന്റ്, ഫർണ്ണിച്ചർ ഗ്രാന്റ്, ഷെയർ പാർട്ടിസിപ്പേഷൻ ഗ്രാന്റ്, കൂടാതെ ബൈവോൾട്ടയിൽ കൊക്കൂൺ സംഭരിച്ചു തരുന്നതിനുള്ള ഇൻസെന്റീവ്.

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കൊക്കൂൺ വിപണനം നടത്തുന്നതിനുള്ള സൗകര്യമുണ്ട്. 14 ജില്ലാ ആഫീസുകളും വിപണനകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. കൂടാതെ സെറിഫെഡിന്റെ കാസർകോഡും ആലപ്പുഴയിലുമുള്ള റീലിംഗ് യൂണിറ്റുകളിലും കൊക്കൂൺ സംഭരിക്കുന്നു. പ്രൈമറി സഹകരണ സംഘങ്ങൾ വഴി കൊക്കൂൺ സംഭരിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്.

ഫോം മാറ്റിംഗ്സ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ

29 (2026) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ഫോം മാറ്റിംഗ്സ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഫോം മാറ്റിംഗ്സ് ലിമിറ്റഡിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട് ; ഇതിൽ സ്ഥിരനിയമനം ലഭിച്ചിട്ടുള്ളവർ എത്ര പേർ ; താല്ക്കാലിക നിയമനം ലഭിച്ചിട്ടുള്ളവർ എത്ര പേർ ; ഇവർ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്യുന്നു ; വിശദവിവരം വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര നിയമനങ്ങൾ നൽകിയിട്ടുണ്ട് ; ഏത് അടിസ്ഥാനത്തിൽ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഫോം മാറ്റിംഗ്സിൽ പുതിയതായി എത്ര നിയമനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ; താൽക്കാലിക അടിസ്ഥാനത്തിലാണോ സ്ഥിര നിയമനമാണോ നടത്താൻ ഉദ്ദേശിക്കുന്നത് ; ഏതെല്ലാം തസ്തികകളിൽ ; നിയമന രീതി എങ്ങനെയാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഫോം മാറ്റിംഗ്സിന്റെ പ്രവർത്തനം പ്രധാനമായും കയർ മാറ്റിംഗ് ഉല്പാദിപ്പിക്കുന്ന മാറ്റിംഗ് പ്ലാന്റിലും അവയ്ക്ക് ലാറ്റക്സ് ബാക്കിംഗ് നൽകുന്ന ബാക്കിംഗ് പ്ലാന്റിലുമാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഇതു കൂടാതെ കയർ തടുക്കുകൾ മിനുക്കുപണി നടത്തുന്നതിനുള്ള ഷിയറിംഗ് ആന്റ് സ്റ്റെൻസിലിംഗ് പ്ലാന്റും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കമ്പനിയിലെ 77% കൈത്തറി പ്ലാന്റുകളും 4 മീറ്റർ വീതിയുള്ള മാറ്റിംഗുകൾ ഉല്പാദിപ്പിക്കുന്നതിനുള്ളവയാണ്. ബാക്കിംഗ് പ്ലാന്റിൽ കമ്പനിയുടെ ഉല്പന്നങ്ങൾക്ക് ലാറ്റക്സ് ബാക്കിംഗ് നൽകുന്നതോടൊപ്പം മറ്റു കയറ്റുമതിക്കാരുടെ ഉല്പന്നങ്ങൾക്കും ലാറ്റക്സ് ബാക്കിംഗ് നൽകി വരുന്നു. ഇന്ത്യയിലെ ലാറ്റക്സ് ബാക്കിംഗിനുള്ള ഏക ആട്ടോമാറ്റിക് പ്ലാന്റ് ഈ സ്ഥാപനത്തിലാണുള്ളത്. ജോബ് വർക്കിന് തിരക്കേറുന്ന സന്ദർഭങ്ങളിൽ ഇവിടെ രണ്ടു ഷിഫ്റ്റ് പ്രവർത്തനവും നടത്താറുണ്ട്.

(ബി) ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിൽ 185 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്

സ്ഥിര നിയമനം

സ്റ്റാഫ് : 27
തൊഴിലാളികൾ : 148

താല്ക്കാലിക നിയമനം

സ്റ്റാഫ് : 4
തൊഴിലാളികൾ : 6. തസ്തിക തിരിച്ചുള്ള കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫോം മാറ്റിംഗ്സിൽ 119 പേർക്ക് പുതുതായി തൊഴിൽ നൽകിയിട്ടുണ്ട്. സ്ഥിര നിയമനാടിസ്ഥാനത്തിൽ 34 പേർക്കും, താല്ക്കാലികാടിസ്ഥാനത്തിൽ 2 പേർക്കും വിവിധ വർക്കർ കാറ്റഗറിയിൽ 83 പേർക്കും തൊഴിൽ നൽകിയിട്ടുണ്ട്.

(ഡി) 8 തസ്തികകളിലാണ് പുതുതായി നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നത്. എല്ലാ നിയമനങ്ങളും സ്ഥിരമായി നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ഇവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. സെക്രട്ടറി - 1
2. സൈമാസ്റ്റർ - 1
3. പേഴ്സണൽ ഓഫീസർ - 1
4. പ്രോഡക്ട് ഡെവലെപ്മെന്റ് ഓഫീസർ - 1
5. കൊമേഴ്സിയൽ ഓഫീസർ - 1
6. ജൂനിയർ ഓഫീസർ (കംപ്യൂട്ടർ) - 1
7. സൂപ്പർ വൈസർ - 2

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ അധീനതയിലുള്ള സ്വതന്ത്ര ഏജൻസി മുഖേന എഴുത്തു പരീക്ഷ നടത്തി തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും ഇന്റർവ്യൂ നടത്തി നിയമനം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

കയർബോർഡ് ഏറ്റെടുത്ത പണി

30 (2027) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമ്പാശ്ശേരി റോഡിന്റെ ഇരുവശത്തുമുള്ള ചരിഞ്ഞ പ്രതലം ശക്തിപ്പെടുത്തുന്നതിന് കയർ ബോർഡ് എന്തെല്ലാം പണികളാണ് ഏറ്റെടുത്തു നടത്തുന്നത് ; വിശദവിവരം വെളിപ്പെടുത്താമോ ;

(ബി) കയർബോർഡ് പണി ഏറ്റെടുക്കുമ്പോൾ പ്രസ്തുത റോഡിന്റെ പണി മുഴുവനും അതിന്റെ കരാറുകാർ ചെയ്ത് തീർത്തിരുന്നുവോ ;

(സി) ഇല്ലെങ്കിൽ അതിനുവേണ്ടി കയർ ബോർഡിന് എന്തെങ്കിലും ചെലവ് വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പണി പൂർത്തീകരിക്കാത്ത കരാറുകാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കയർ ജിയോടെക്സ്റ്റയിൽസ് പ്രചാരണത്തിന്റെ ഭാഗമായി മണ്ണൊലിപ്പിന് എതിരായി ചരിഞ്ഞ പ്രതലം ശക്തിപ്പെടുത്തുന്ന ഒരു പദ്ധതി കയർബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊച്ചിയിലെ അന്താരാഷ്ട്ര എയർപോർട്ടും എൻ.എച്ച്-47നും കൂടി ബന്ധിക്കുന്ന റെയിൽവേ ഓവർ ബ്രിഡ്ജിന്റെ ഇരുവശവും കയർ ജിയോടെക്സറ്റയിൽ വഴി ശക്തിപ്പെടുത്തുന്ന പണി കയർ ബോർഡ് 5-6-2000-ൽ ഏറ്റെടുക്കുകയും ഇതിനുവേണ്ടി ചരിഞ്ഞ പ്രതലത്തിലേക്ക് 13000 ചതുരശ്ര മീറ്റർ ജിയോടെക്സ്റ്റയിൽസ് കയർബോർഡ് സൗജന്യമായി നൽകുകയും ചെയ്തു. ബോർഡിന്റെ സാങ്കേതിക വിദഗ്ദ്ധർ പണിയുടെ മേൽനോട്ടം വഹിക്കുകയും ചെയ്തു.

(ബി) വിവരം പൊതുമരാമത്തു വകുപ്പിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

(സി) 13,000 ചതുരശ്ര മീറ്റർ കയർ ജിയോടെക്സറ്റയിൽസ് സൗജന്യമായി നൽകിയതല്ലാതെ കയർബോർഡിന് മറ്റ് ചെലവ് ഒന്നുംതന്നെ വന്നിട്ടില്ല.

(ഡി&ഇ) വിവരം പൊതുമരാമത്തു വകുപ്പിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly